പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 206 26.03.2013 -ൽ മറുപടിക്ക്

അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി കെ.റ്റി.ഡി.എഫ്.സി. ലോൺ

ചോദ്യം

ശ്രീ. സണ്ണി ജോസഫ് :
" പാലോട് രവി :
" പി. എ. മാധവൻ :
" ഐ. സി. ബാലകൃഷ്ണൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി വായ്പ നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | കെ.റ്റി.ഡി.എഫ്.സി. പ്രധാനമായും കെ.എസ്.ആർ.ടി.സി. ക്ക് വേണ്ടി ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിയ്ക്കുന്നതിനും ധനസഹായം നല്കുന്നതിനും വേണ്ടി രൂപീകരിക്കപ്പെട്ട ഒരു സ്ഥാപനമാണ്. ഇതു പ്രകാരം 2002 വർഷം മുതൽ കെ.റ്റി.ഡി.എഫ്.സി. കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പാ സഹായം നൽകിവരുന്നുണ്ട്. പ്രസ്തുത വായ്പകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് പുതിയ ബസ്സുകൾ വാങ്ങുവാനും പ്രവർത്തന മൂലധനത്തിനും വേണ്ടിയാണ്. ഇതുകൂടാതെ കെ.റ്റി.ഡി.എഫ്.സി. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വാഹന വായ്പ, ഭവന വായ്പ, എന്നിവ നൽകിവരുന്നുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി ഒരു പദ്ധതിയും കെ.റ്റി.ഡി.എഫ്.സി. രൂപീകരിച്ചിട്ടില്ല. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ; | | |
| (സി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതികളുമായി സഹകരിക്കുന്നതെന്നു വിശദമാക്കുമോ; | | |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ